**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1321** **27-07-2021 - ൽ മറുപടിയ്ക്ക്**

**കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Smt J Chinchurani**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പ് സബ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ ആവശ്യപ്പെട്ട അധിക വിശദീകരണങ്ങൾ നൽകുന്നതിന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ; എ.എച്ച്.ഡി. 8517/2018/സി2 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഈ വിഷയത്തിലെ പഴയ ഫയൽ എ.എച്ച്.ഡി 8517/2018/സി2 തീർപ്പാക്കിയിട്ടുള്ളതും ഇതേ വിഷയത്തിൽ എ.എച്ച്.ഡി 5751/2019-സി2 എന്ന പുതിയ ഫയലിൽ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കൂടല്ലൂരിൽ വെറ്ററിനറി സബ് സെന്റർ ആരംഭിക്കുന്നതിലേക്കു നെട്ടമാവ് സബ് സെന്റർ പുനർവിന്യാസം ചെയ്യാവുന്നതാണെന്ന് 21/03/2021 ൽ സർക്കാരിനെ അറിയിക്കുകയും പുനർവിന്യാസത്തിനായി സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകുമോ എന്ന് സർക്കാർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ